**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 281** — **22-07-2021 - ൽ മറുപടിയ്ക്ക്**

**ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന കുടുംബനാഥൻ മരണപ്പെട്ട് കഴിഞ്ഞാൽ തിരിച്ചടക്കാൻ കഴിയാത്ത ലോണുകൾ വായ്പ എടുത്ത സഹകരണ സംഘത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിന്റെ ഭാഗമായി റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി ലോൺ ഒഴിവാക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ ഇത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ സഹകരണ സംഘങ്ങളും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായാണ് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ച് വരുന്നത്. കേരളത്തിലെ മുഴുവൻ വായ്പ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്കെടുക്കുന്ന വായ്പകൾക്ക് (സ്വർണ്ണപ്പണയ വായ്പകളും, നിക്ഷേപ വായ്പകളും ഒഴികെയുള്ളവ) റിസ്ക് ഫണ്ട് നിയമാവലി നിബന്ധന പ്രകാരം റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ച് വരുന്നു. സഹകരണ വായ്പ സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് വായ്പ അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് പ്രീമിയം നിയമാനുസൃതമുള്ള തുക ഈടാക്കി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടത് സംഘം സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ച ഉണ്ടായാൽ വായ്പ സംഘങ്ങൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും പ്രസ്തുത സംഘങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തുമെന്നും അറിയിച്ചുകൊണ്ട് വിവിധ സർക്കുലറുകൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സഹകരണ സംഘങ്ങളും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ